**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4588** **26.10.2016**-ൽ മറുപടിയ്ക്ക്

**ലംപ്സം ഗ്രാന്റ് തുക**

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (എൽ.പി., യു.പി., എച്ച്.എസ്. വിഭാഗം) നൽകുന്ന ലംപ്സം ഗ്രാന്റ് തുക എത്രയാണ്; | (എ) | എൽ.പി. മുതൽ ഹൈസ്കൂൾ വിഭാഗംവരെയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ് തുകയുടെ വിവരം ചുവടെചേർക്കുന്നു.<br>എൽ.പി.വിഭാഗം - 320/- രൂപ<br>യു.പി.വിഭാഗം - 630/- രൂപ<br>എച്ച്.എസ്.വിഭാഗം - 940/- രൂപ<br>ഇതിൽ 1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രതിവർഷം 2000/-രൂപ വരെ പ്രൈമറി എജ്യൂക്കേഷൻ എയ്ഡ് നല്കി വരുന്നുണ്ട്. |
| (ബി) | ഇതേ വിഭാഗത്തിൽപ്പെടുന്ന ഒ.ബി.സി, ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന തുക എത്രയാണ്; | (ബി) | I മുതൽ V വരെ - 750/- രൂപ<br>VI മുതൽ VIII വരെ - 900/- രൂപ<br>IX, X -1000/- രൂപ<br>എന്നിങ്ങനെ പ്രതിവർഷം 44500/-രൂപ വരുമാന പരിധിയിൽ ഒ.ബി.സി വിദ്യാർത്ഥികൾക്ക് നല്കി വരുന്നു.ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാൻറ് നൽകുന്നില്ല. |
| (സി) | പ്രസ്തുത തുകകൾ തമ്മിലുള്ള വ്യത്യാസം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | വ്യത്യസ്ത മാനദണ്ഡങ്ങൾ അനുസരിച്ചാണ് SC/ST,OBC ന്യൂനപക്ഷ ആനുകൂല്യങ്ങൾ നല്കി വരുന്നത്.ഇവ ഏകീകരിക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടില്ല. |
| (ഡി) | ലംപ്സം ഗ്രാന്റ് തുകകൾ വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ആലോചിക്കുന്നുണ്ട്. നിലവിലുള്ള നിരക്ക് 25%വർദ്ധിപ്പിച്ചു .ഇനി 25% കൂടി വർദ്ധിപ്പിച്ച് നിരക്കിന്റെ 50% വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ